പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5428 25.10.2011- ൽ മറുപടിക്ക്

## കാലവർഷത്തിൽ വയനാട്ടിലുണ്ടായ നാശനഷ്ടങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം.വി ശ്രേയാംസ് കുമാർ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | ഇക്കൊല്ലം കാലവർഷത്തിൽ വയനാട് ജില്ല യിലുണ്ടായ നാശനഷ്ടങ്ങൾ എത്രയായി രുന്നുവെന്ന് വെളിപ്പെടുത്തുമോ ; | (എ) | ഇക്കൊല്ലത്തെ കാലവർഷത്തിൽ വയനാട് ജില്ലയിൽ ആകെ 1394.16 ഹെക്ടർ കൃഷി നാശം സംഭവിച്ചിട്ടുണ്ട്. ആയതിന് 19,82,99,600/- രൂപയുടെ മൊത്തം നഷ്ടം കണക്കാക്കിയിട്ടുണ്ട്. കൂടാതെ ജില്ലയിൽ 19 വീടുകൾക്ക് പൂർണ്ണമായും, 577 വീടുകൾക്ക് ഭാഗികമായും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിന് യഥാക്രമം 13,38,000/- രൂപയുടേയും, 24,38,250/- രൂപയുടേയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. |
| (ബി) | ജില്ലയിലെ ദുരിതാശ്വാസ പ്രവർത്തനത്തി നായി എന്ത് തുക ചെലവഴിച്ചെന്നുള്ള താലൂ ക്ക്തല വിശദാംശങ്ങൾ നൽകുമോ ; എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | ജില്ലയിലെ ദുരിതാശ്വാസ പ്രവർത്തന ത്തിനായി ഇതുവരെ ആകെ 24,47,203/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ താലൂക്ക്തല വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.<br>1. മാനന്തവാടി - 5,39,250/-<br>2. സുൽത്താൻ ബത്തേരി - 4,31,653/-<br>3. വൈത്തിരി - 14,76,300/-<br>അപേക്ഷിച്ചവരിൽ ഇനി ആകെ 566 പേർക്ക് ആനുകൂല്യങ്ങൾ ലഭിക്കാനുണ്ട്. |
| (സി) | ഇതിൽ കാർഷിക വിളകൾക്കുണ്ടായ നഷ്ടം ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരി ക്കുമോ? | (സി) | ദുരിതാശ്വാസ പദ്ധതിയിൽ കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതേ വരെ ജില്ലയിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് 1,25,00,000/- രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ